**മധുരമായ കുട്ടികളേ - 21 ജന്മത്തേക്ക് സദാ സുഖിയായി മാറുന്നതിനുവേണ്ടി ഈ അൽപ്പ സമയത്തിനുളളിൽത്തന്നെ ദേഹി-അഭിമാനിയായിത്തീരാനുള്ള ശീലമുണ്ടാക്കൂ.**

**ചോദ്യം -** ദൈവീക രാജധാനി സ്ഥാപിക്കുന്നതിനു വേണ്ടി ഓരോരുത്തർക്കും ഏതൊരു താത്പര്യം ഉണ്ടായിരിക്കണം?

**ഉത്തരം -** സേവനത്തിനുള്ള താത്പര്യം. ജ്ഞാനരത്നങ്ങളെ എങ്ങനെ ദാനം ചെയ്യാം, ഈ അഭിരുചി ഉണ്ടായിരിക്കണം. നിങ്ങളുടെ ദൗത്യമാണ്-പതിതരെ പാവനമാക്കുക, അതുകൊണ്ട് കുട്ടികൾക്ക് രാജപദവിയുടെ അഭിവൃദ്ധിക്കു വേണ്ടി വളരെ നല്ല രീതിയിൽ സേവനം ചെയ്യണം. എവിടെയെല്ലാം മേളകളുണ്ടോ, മനുഷ്യർ സ്നാനം ചെയ്യുന്നതിനായി പോകുന്നുണ്ടോ അവിടെയെല്ലാം നോട്ടീസുകൾ അച്ചടിച്ച് വിതരണം ചെയ്യണം. പെരുമ്പറ മുഴക്കണം.

**ഗീതം -** അങ്ങയെ നേടിയ ഞങ്ങൾ ലോകം മുഴുവനും നേടിക്കഴിഞ്ഞു.......

**ഓംശാന്തി**. നിരാകാരനായ ശിവബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു കുട്ടികളേ ദേഹിഅഭിമാനി ഭവ. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ. നമ്മൾ ആത്മാവാണ്, നമ്മെ ബാബയാണ് പഠിപ്പിക്കുന്നത്. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്-ആത്മാവിലാണ് സംസ്ക്കാരങ്ങൾ അടങ്ങിയിരിക്കുന്നത്. എപ്പോഴാണോ മായാരാവണന്റെ രാജ്യമുണ്ടാകുന്നത് അഥവാ ഭക്തിമാർഗ്ഗം ആരംഭിക്കുന്നത് അപ്പോൾ ദേഹാഭിമാനികളാകുന്നു. പിന്നീട് എപ്പോഴാണോ ഭക്തിമാർഗ്ഗം അവസാനിക്കുന്നത് അപ്പോൾ ബാബ വന്ന് കുട്ടികളോട് പറയുന്നു, ഇപ്പോൾ ദേഹീഅഭിമാനിയായി ഭവിക്കൂ. നിങ്ങൾ ഏതെല്ലാം ദാന പുണ്യമാണോ ചെയ്തത്, അതിലൂടെയൊന്നും ഒരു പ്രയോജനവും ഉണ്ടായിട്ടില്ല. 5 വികാരങ്ങൾ പ്രവേശിച്ചതിലൂടെ നിങ്ങൾ ദേഹാഭിമാനികളായി മാറി. രാവണനാണ് നിങ്ങളെ ദേഹാഭിമാനിയാക്കിയത്. വാസ്തവത്തിൽ നിങ്ങൾ ദേഹിഅഭിമാനികളായിരുന്നു പിന്നെ ബാബ വീണ്ടും ഞാൻ ആത്മാവാണ് എന്ന അഭ്യാസം ചെയ്യിപ്പിക്കുകയാണ്. ഈ പഴയ ശരീരം ഉപേക്ഷിച്ച നമുക്ക് പോയി പുതിയ ശരീരം എടുക്കണം. സത്യയുഗത്തിൽ ഈ 5 വികാരങ്ങൾ ഉണ്ടാകില്ല. ദേവി ദേവതകളെ ശ്രേഷ്ഠരും പാവനവുമാണ് എന്നാണ് പറയാറുള്ളത്, അവർ സദാ ആത്മാഭിമാനി ആയതിന്റെ കാരണത്താൽ 21 ജന്മങ്ങൾ കൊണ്ട് സദാ സുഖമുള്ളവരായിരിക്കും. പിന്നെ എപ്പോഴാണോ രാവണന്റെ രാജ്യം വരുന്നത് അപ്പോൾ നിങ്ങൾ ദേഹാഭിമാനികളായി മാറി. ഇതിനെ ആത്മബോധമെന്നും അതിനെ ദേഹാഭിമാനം എന്നുമാണ് പറയാറുള്ളത്. നിരാകാരി ലോകത്തിലാണെങ്കിൽ ആത്മാഭിമാനിയാണോ അതോ ദേഹാഭിമാനിയാണോ എന്ന ചോദ്യം തന്നെ വരുന്നില്ല, അത് ശാന്തിധാമം തന്നെയാണ്. ആ സംസ്ക്കാരം ഈ സംഗമയുഗത്തിലാണ് ഉണ്ടാകുന്നത്. നിങ്ങൾക്ക് ദേഹാഭിമാനിയിൽ നിന്നും ദേഹിഅഭിമാനിയാകണം. സത്യയുഗത്തിൽ നിങ്ങൾ ദേഹിഅഭിമാനി ആയതു കൊണ്ട് ദു:ഖം അനുഭവിച്ചിരുന്നില്ല എന്തുകൊണ്ടെന്നാൽ നമ്മൾ ആത്മാവാണ് എന്ന ജ്ഞാനമുണ്ട്. ഇവിടെ എല്ലാവരും സ്വയത്തെ ദേഹമാണ് എന്നാണ് മനസ്സിലാക്കിയിരിക്കുന്നത്. ബാബ വന്ന് മനസ്സിലാക്കി തരികയാണ് കുട്ടികളെ, ഇപ്പോൾ ദേഹീഅഭിമാനിയാകൂ എങ്കിൽ വികർമ്മം വിനാശമാകും. പിന്നെ നിങ്ങൾ വികർമ്മാജീത്താകും. ശരീരവും ഉണ്ട്, രാജ്യം ഭരിക്കുകയും ചെയ്യും എങ്കിലും ആത്മ ബോധത്തിലാണ് ഇതെല്ലാം ചെയ്യുക. ഇപ്പോൾ നിങ്ങൾക്ക് ലഭിക്കുന്ന പഠിപ്പിലൂടെ നിങ്ങൾ ആത്മാഭിമാനികളാകും. സദാ സുഖമായി ജീവിക്കും. ആത്മാവാണ് എന്ന ബോധത്തിലേക്ക് വരുന്നതിലൂടെ നിങ്ങളുടെ വികർമ്മം വിനാശമാകും അതിനാൽ ബാബ മനസ്സിലാക്കി തരികയാണ് എന്നെ ഓർമ്മിച്ചു കൊണ്ടിരിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. മനുഷ്യരാണെങ്കിൽ ഗംഗാ സ്നാനം ചെയ്യാറുണ്ട്, പക്ഷെ അത് പതിത പാവനി ഒന്നുമല്ല. അത് യോഗാഗ്നിയുമല്ല അതിലൂടെ പാപം ഭസ്മമാകാൻ. ഇങ്ങനെയുള്ള അവസരങ്ങളിൽ നിങ്ങൾ കുട്ടികൾക്ക് സേവനം ചെയ്യാൻ കഴിയും. ഏതുപോലെയുള്ള സമയമാണോ അതിന് അനുസരിച്ചുള്ള സേവനം ചെയ്യണം. എത്ര പേരാണ് സ്നാനം ചെയ്യുന്നതിന് പോകുന്നത്. കുംഭമേളയിൽ എല്ലായിടത്തും സ്നാനം ചെയ്യാറുണ്ട്. ചിലർ സമുദ്രത്തിൽ, ചിലർ നദികളിലേക്ക് പോകും. അപ്പോൾ ഇത് എല്ലാവർക്കും വിതരണം ചെയ്യുന്നതിന് എത്ര നോട്ടീസ് അച്ചടിക്കേണ്ടി വരും. ധാരാളം വിതരണം ചെയ്യണം. പോയിന്റും ഇതായിരിക്കണം - സഹോദരി സഹോദരൻമാരെ ചിന്തിച്ചു നോക്കൂ പതിത പാവനനും ജ്ഞാന സാഗരനും അതിൽ നിന്നും ഉത്ഭവിച്ച ജ്ഞാനത്തിന്റെ നദികളിലൂടെ നിങ്ങൾ പാവനമായി മാറുമോ അതോ ഈ വെള്ളത്തിന്റെ സാഗരത്തിലൂടെ അഥവാ നദികളിലൂടെ നിങ്ങൾ പാവനമാകുമോ? ഈ ചോദ്യത്തിന് പരിഹാരം കണ്ടുപിടിച്ചാൽ സെക്കന്റിൽ നിങ്ങൾക്ക് ജീവന്മുക്തി

പ്രാപ്തമാക്കാൻ സാധിക്കും. രാജ്യഭാഗ്യത്തിന്റെ സമ്പത്തും പ്രാപ്തമാക്കാം. ഇങ്ങനെയുള്ള നോട്ടീസുകൾ ഓരോ സെന്ററും അച്ചടിക്കണം. എല്ലായിടത്തും നദികളുണ്ട്. വളരെ ദൂരെ നിന്നാണ് നദികളുടെ ഉത്ഭവം ഉണ്ടാകുന്നത്. നദികൾ അവിടെയും ഇവിടെയുമായി ധാരാളമുണ്ട്. പിന്നെ ഈ നദിയിൽ തന്നെ സ്നാനം ചെയ്താലെ പാപം ഇല്ലാതാവുകയുള്ളൂ എന്ന് എന്തിനാണ് പറയുന്നത്. ജന്മജന്മാന്തരങ്ങളായി സ്നാനം ചെയ്തവരാണ്. ഒരു ദിവസം സ്നാനം ചെയ്തതു കൊണ്ട് പാവനമായി മാറും എന്നുമല്ല. സത്യയുഗത്തിലും സ്നാനം ചെയ്തിട്ടുണ്ട്. അവിടെ പാവനമായിരുന്നു. ഇവിടെ കൊടുംതണുപ്പിലും എത്ര ബുദ്ധിമുട്ടിയാണ് സ്നാനം ചെയ്യാൻ പോകുന്നത്. അവർക്ക് മനസ്സിലാക്കി കൊടുക്കണം, അന്ധർക്ക് ഊന്നു വടിയാകണം. എല്ലാവരെയും ഉണർത്തണം. പതിത പാവനനായ ബാബ വന്ന് സർവ്വരെയും ഉണർത്തുകയാണ്. അതിനാൽ ദു:ഖം അനുഭവിക്കുന്നവർക്ക് വഴി പറഞ്ഞുകൊടുക്കണം. ഈ ചെറിയ ചെറിയ നോട്ടീസുകൾ എല്ലാ ഭാഷകളിലും അച്ചടിക്കണം. ഒന്നോ രണ്ടോ ലക്ഷം നോട്ടീസെല്ലാം അച്ചടിക്കണം.ആരുടെ ബുദ്ധിയിലാണോ ജ്ഞാനത്തിന്റ ലഹരി വർദ്ധിച്ചിരിക്കുന്നത്, അവരുടെ ബുദ്ധി പ്രവർത്തിക്കും. ഈ ചിത്രം രണ്ടോ മൂന്നോ ലക്ഷം എല്ലാ ഭാഷകളിലും ഉണ്ടായിരിക്കണം. ഓരോ സ്ഥലങ്ങളിലും പോയി സേവനം ചെയ്യണം. ഒരേ പോയിന്റായിരിക്കണം മുഖ്യം, വരൂ വന്ന് മനസ്സിലാക്കൂ സെക്കന്റിൽ എങ്ങനെയാണ് മുക്തി- ജീവന്മുക്തി പ്രാപ്തമാക്കുക. മുഖ്യമായ സെന്ററുകളുടെ മേൽവിലാസവും അച്ചടിക്കണം, പിന്നെ അവർ വായിച്ചാലും ഇല്ലെങ്കിലും കുഴപ്പമില്ല. നിങ്ങൾ കുട്ടികൾ ത്രിമൂർത്തിയുടെ ചിത്രത്തെ കുറിച്ചും മനസ്സിലാക്കി കൊടുക്കണം അതായത് ബ്രഹ്മാവിലൂടെ തീർച്ചയായും സ്ഥാപന നടക്കണം. ദിനംപ്രതിദിനം മുന്നോട്ട് പോകവെ വിനാശത്തിന്റെ സമയം സമീപത്താണ് എന്നത് ലോകം മനസ്സിലാക്കും. ആ വഴക്കെല്ലാം കൂടും. സമ്പത്തിന്റെ പേരിലും എത്ര വഴക്കാണ് നടക്കുന്നത്. അല്ലെങ്കിൽ യുദ്ധവും നടത്തും. വിനാശം സമീപത്തു തന്നെയാണ്. ആരാണോ നല്ല രീതിയിൽ ഗീതയും ഭാഗവതവുമെല്ലാം പഠിച്ചിട്ടുള്ളവർ അവർ മനസ്സിലാക്കുക തന്നെ ചെയ്യും അതായത് ഇതെല്ലാം മുമ്പ് നടന്നതു തന്നെയാണ്. അതിനാൽ നിങ്ങൾ കുട്ടികൾ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം. അതായത് വെള്ളത്തിൽ സ്നാനം ചെയ്യുന്നതിലൂടെയാണോ അതോ യോഗാഗ്നിയിലൂടെയാണോ വികർമ്മം വിനാശമാകുന്നത്. ഭഗവാനുവാചയാണ്-എന്നെ ഓർമ്മിക്കുന്നതിലൂടെ വികർമ്മം വിനാശമാകും. എവിടെയെല്ലാം നിങ്ങളുടെ സെന്ററുകളുണ്ടോ ആ വിശേഷ അവസരങ്ങളിൽ ഇതുപോലെയുള്ള നോട്ടീസുകൾ ഉണ്ടാക്കണം. മേളകളും ധാരാളം നടക്കുന്നുണ്ട്, അവിടെ ധാരാളം മനുഷ്യർ വരുന്നുണ്ട്. പക്ഷെ വളരെ പരിശ്രമിച്ചാലാണ് മനസ്സിലാക്കുക. നോട്ടീസ് വിതരണം ചെയ്യുന്നതിനും ധാരാളം പേർ വേണം, അവർക്ക് മനസ്സിലാക്കി കൊടുക്കാനും കഴിയണം. അങ്ങനെയുള്ള സ്ഥലങ്ങളിലേക്ക് പോകണം. ഇത് ജ്ഞാന രത്നങ്ങളാണ്. വളരെയധികം സേവനം ചെയ്യുന്നതിനുള്ള താല്പര്യം ഉണ്ടായിരിക്കണം. നമ്മൾ ദൈവീക ചക്രവർത്തി പദവിയിലേക്കുള്ള സ്ഥാപനയാണ് ചെയ്യുന്നത്. ഇത് മനുഷ്യരെ ദേവതയാകുന്നതിന് അഥവാ പതിതരെ പാവനമാക്കുന്നതിനുള്ള ദൗത്യമാണ്. ബാബ മൻമനാഭവ എന്നാണ് പറഞ്ഞിരിക്കുന്നത് എന്നും മനസ്സിലാക്കി കൊടുക്കണം. പതിത പാവനനായ ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. യാത്രയുടെ പോയിന്റും നിങ്ങൾ കുട്ടികൾക്ക് വീണ്ടും വീണ്ടും മനസ്സിലാക്കി തരുന്നുണ്ട്. വീണ്ടും വീണ്ടും ബാബയെ ഓർമ്മിക്കണം. ഓർമ്മിച്ച് ഓർമ്മിച്ച് സുഖം നേടണം, എല്ലാ കലഹ ക്ലേശങ്ങളും ശരീരത്തിന്റെ ഇല്ലാതാകട്ടെ അർത്ഥം നിങ്ങൾ സദാ ആരോഗ്യമുള്ളവരായി തീരും. ബാബ എന്നെ ഓർമ്മിക്കൂ എന്ന മന്ത്രവും നൽകിയിട്ടുണ്ട് അർത്ഥം ഓർമ്മിക്കൂ, ശിവ ശിവ എന്ന് ഓർമ്മിക്കൂ എന്നല്ല. ശിവന്റെ ഭക്തർ ശിവ ശിവ എന്ന് പറഞ്ഞ് മാല ജപിക്കാറുണ്ട്. വാസ്തവത്തിൽ ഇത് രുദ്ര മാലയാണ്. ശിവനും സാലിഗ്രാമങ്ങളും. മുകളിൽ ശിവനാണ് ഉള്ളത്. ബാക്കി ഉള്ളത് ചെറിയ ചെറിയ മുത്തുകളാണ് അർത്ഥം ആത്മാക്കളാണ്. ആത്മാവ് ചെറിയ ബിന്ദുവാണ്. കറുത്ത മുത്തുകൾ കൊണ്ട് ഉണ്ടാക്കിയ മാലയുമുണ്ട്. ശിവന്റെ മാലയും ഉണ്ടാക്കിയിട്ടുണ്ട്. ആത്മാവിന് തന്റെ പിതാവിനെ ഓർമ്മിക്കണം. ബാക്കി വായ് കൊണ്ട് ശിവ ശിവ എന്ന് പറയേണ്ട കാര്യമില്ല. ശിവ ശിവ എന്ന് പറയുന്നതിലൂടെ വീണ്ടും ബുദ്ധിയോഗം മാലയിലേക്ക് പോവും. അർത്ഥമൊന്നും ആർക്കും അറിയില്ല. ശിവ ശിവ എന്ന് ജപിക്കുന്നതിലൂടെ വകർമ്മം വിനാശമാകില്ല. സംഗമത്തിൽ നേരിട്ട് ശിവബാബ വന്ന് മനസ്സു കൊണ്ട് എന്നെ മാത്രം ഓർമ്മിക്കൂ എന്ന മന്ത്രം നൽകുന്നതു വരെ വികർമ്മം വിനാശമാകില്ല എന്ന ജ്ഞാനം മാല ജപിക്കുന്നവർക്ക് ഇല്ല. ബാക്കി ആരെല്ലാം എത്ര തന്നെ ശിവ ശിവ എന്നു പറഞ്ഞാലും വികർമ്മം വിനാശമാകില്ല. കാശിയിൽ പോയി ഇരിക്കുന്നുണ്ട് അപ്പോൾ ശിവ കാശി ശിവ കാശി എന്നു പറയാറുണ്ട്. പറയുന്നുണ്ട് കാശിയിൽ ശിവന്റെ പ്രഭാവമുണ്ട്. വളരെ ആർഭാടപൂർവ്വം ശിവന്റെ ക്ഷേത്രം നിർമ്മിച്ചിട്ടുണ്ട്. ഇതെല്ലാം ഭക്തി മാർഗ്ഗത്തിലെ കാര്യങ്ങളാണ്.

നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ കഴിയും പരിധിയില്ലാത്ത ബാബ പറയുകയാണ്- എന്നിൽ യോഗം വെക്കുന്നതിലൂടെ നിങ്ങൾ പാവനമാകും. കുട്ടികൾക്ക് സേവനം ചെയ്യുന്നതിനുള്ള താല്പര്യം ഉണ്ടായിരിക്കണം. ബാബ പറയുകയാണ് എനിക്ക് പതിതരെ പാവനമാക്കി മാറ്റണം. നിങ്ങൾ കുട്ടികളും

പാവനമാക്കുന്നതിനുള്ള സേവനം ചെയ്യണം. നോട്ടീസ് എടുത്ത് കൊണ്ടു പോയി മനസ്സിലാക്കി കൊടുക്കണം. പറയണം ഇതു നല്ല രീതിയൽ പഠിക്കൂ എന്ന്. മരണം മുന്നിലാണ് നിൽക്കുന്നത്. ഇത് ദു:ഖത്തിന്റെ ലോകമാണ്. ഇപ്പോൾ ഒരു തവണ ജ്ഞാനത്തിന്റെ സ്നാനം ചെയ്യുന്നതിലൂടെ സെക്കന്റിൽ ജീവന്മുക്തി കിട്ടും. പിന്നെ നദികളിൽ സ്നാനം ചെയ്യുന്നതിലൂടെ ചുറ്റി തിരിയുന്നതിന്റെ ആവശ്യം എന്താണ്. പെരുമ്പറ മുഴക്കണം നമുക്ക് സെക്കന്റിൽ ജീവന്മുക്തി കിട്ടും എന്ന കാര്യം. ഇല്ലെങ്കിൽ ആർക്കും ഇങ്ങനെയുള്ള നോട്ടീസ് അച്ചടിക്കാൻ സാധിക്കില്ല. കുട്ടികൾക്ക് സേവനം ചെയ്യുന്നതിന് വളരെ താല്പര്യം ഉണ്ടായിരിക്കണം. എന്തെല്ലാം ചോദ്യങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോ അതെല്ലാം സേവനത്തിനു വേണ്ടിയാണ്. ധാരാളം കുട്ടികൾ സേവനത്തിൽ താല്പര്യം ഇല്ലാത്തവരും ഉണ്ട്. എങ്ങനെയാണ് സേവനം ചെയ്യുക ഇതിൽ ഒന്നും ശ്രദ്ധ വരുന്നില്ല, ഇതിൽ വളരെ തിളക്കമുള്ള ബുദ്ധി വേണം, ആരുടെ കാലുകളിലാണോ ദേഹാഭിമാനത്തിന്റെ കടുത്ത ചങ്ങലയുള്ളത് അവർക്ക് ദേഹിഅഭിമാനിയാകാൻ സാധിക്കില്ല. മനസ്സിലാക്കാൻ കഴിയും, ഇവിടെ ഏത് പദവിയിലേക്ക് പോകും. ദയയും തോന്നുന്നുണ്ട്. എല്ലാ സെന്ററുകളിലും നോക്കുന്നുണ്ട്- ആരെല്ലാമാണാണ് തീവ്രമായി പുരുഷാർത്ഥം ചെയ്യുന്നത്. ചിലർ എരിക്കിൻ പൂവാണ്, ചിലർ റോസാപുഷ്പമാണ്. നമ്മൾ ഏത് പുഷ്പമാണ് എന്നും അറിയാം. നമ്മൾ ബാബയുടെ സേവനം ചെയ്യുന്നില്ലെങ്കിൽ മനസ്സിലാക്കണം നമ്മൾ എരിക്കിൻ പൂവായി മാറും. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. നിങ്ങൾ വജ്ര സമാനമായി മാറുന്നതിനുള്ള പുരുഷാർത്ഥമാണ് ചെയ്യുന്നത്. ചിലർ സത്യമായ വജ്രമാണ്, ചിലർ കറുത്ത കരിക്കട്ട പോലെയാണ്. ഓരോരുത്തരും സ്വയത്തെ കുറിച്ച് ചിന്തിക്കണം. നമുക്ക് വജ്ര സമാനമായി മാറണം. നമ്മൾ വജ്ര സമാനമായി മാറിയോ എന്ന് സ്വയം ചോദിക്കണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ദേഹാഭിമാനത്തിന്റെ കടുത്ത ചങ്ങലകളെ മുറിച്ച് ദേഹിഅഭിമാനിയാകണം. ആത്മബോധത്തിൽ കഴിയുന്നതിനുള്ള സംസ്ക്കാരം ഉണ്ടായിരിക്കണം.

2) സേവനം ചെയ്യുന്നതിന് വളരെ താല്പര്യം ഉണ്ടായിരിക്കണം. ബാബക്കു സമാനം പതിതത്തിൽ നിന്നും പാവനമാകുന്നതിനുള്ള സേവനം ചെയ്യണം. സത്യമായ വജ്രമാകണം.

## വരദാനം:- കർമ്മം ചെയ്തുകൊണ്ടും സ്നേഹിയും വേറിട്ടതുമായ അവസ്ഥയിലിരുന്ന് ഭാരരഹിത അവസ്ഥയുടെ അനുഭൂതി ചെയ്യുന്ന കർമ്മാതീതരായി ഭവിക്കട്ടെ.

കർമ്മാതീതം എന്നാൽ സ്നേഹിയും ഒപ്പം നിർമ്മോഹിയും. കർമ്മം ചെയ്തു, ചെയ്തതിന് ശേഷം അങ്ങിനെയൊന്ന് ചെയ്തിട്ടേയില്ല, ചെയ്യിപ്പിക്കുന്നവൻ ചെയ്യിപ്പിക്കുന്നു എന്ന അനുഭവം. ഇങ്ങനെയുള്ള സ്ഥിതിയുടെ അനുഭവം ചെയ്യുന്നതിലൂടെ സദാ ഭാരരഹിതമായിരിക്കാം. കർമ്മം ചെയ്യവേ ശരീരത്തിനും ഭാരരാഹിത്യം, മനസ്സിന്റെ സ്ഥിതിയിലും ഭാരരാഹിത്യം, കാര്യങ്ങൾ എത്രതന്നെ കൂടുതലുണ്ടെങ്കിലും അത്രയും ഭാരരാഹിത്യവും വർദ്ധിക്കും. കർമ്മം അതിന് നേരെ ആകർഷിപ്പിക്കരുത്, അധികാരിയായി കർമ്മേന്ദ്രിയങ്ങളെക്കൊണ്ട് കർമ്മം ചെയ്യിപ്പിക്കുകയും ഒപ്പം സങ്കൽപത്തിൽ പോലും ഭാരരാഹിത്യം അനുഭവം ചെയ്യുക-ഇത് തന്നെയാണ് കർമ്മാതീതമാകുക.

## സ്ലോഗൻ:- സർവ്വപ്രാപ്തികളാലും സദാ സമ്പന്നരാകൂ എങ്കിൽ സദാ ഹർഷിതരും, സദാ സുഖിയും ഭാഗ്യശാലികളുമായി മാറും.

**മാതേശ്വരി ജിയുടെ അമൂല്യ മഹാവാക്യങ്ങൾ- "ഭാഗ്യം ഉണ്ടാക്കുന്നത് പരമാത്മാവും ഭാഗ്യം നഷ്ടപ്പെടുത്തുന്നത് സ്വയം മനുഷ്യരുമാണ്"**.

ഇപ്പോൾ ഇത് നമുക്കറിയാം മനുഷ്യാത്മാക്കളുടെ ഭാഗ്യം ഉണ്ടാക്കിത്തരുന്നത് ആരാണെന്നും ഭാഗ്യത്തെ നശിപ്പിക്കുന്നത് ആരാണെന്നും? നമുക്കിങ്ങനെ പറയാൻ പറ്റില്ല, ഭാഗ്യത്തെ ഉണ്ടാക്കിത്തരുന്നതും നഷ്ടപ്പെപ്പെടുത്തുന്നതും അതേ പരമാത്മാവാണെന്ന്. ബാക്കി ഇത് ഉറപ്പാണ്, ഭാഗ്യത്തെ ഉണ്ടാക്കിത്തരുന്നത് പര

മാത്മാവാണെന്നും നഷ്ടപ്പെടുത്തുന്നത് സ്വയം മനുഷ്യരുമാണെന്ന്. ഈ ഭാഗ്യം ഉണ്ടായതെങ്ങനെയാണ്, പിന്നെ വീഴ്ച പറ്റിയതെങ്ങനെയാണ്? ഇക്കാര്യം മനസ്സിലാക്കിത്തരികയാണ്. മനുഷ്യർ എപ്പോൾ സ്വയത്തെ അറിയുകയും പവിത്രമാവുകയും ചെയ്യുന്നുവോ അപ്പോൾ അവർക്ക് വീണ്ടും നഷ്ടപ്പെട്ട ഭാഗ്യത്തെ ഉണ്ടാക്കാൻ കഴിയുന്നു. ഇപ്പോൾ നാം നഷ്ടപ്പെട്ട ഭാഗ്യം എന്ന് പറയുമ്പോൾ ഇതിൽ നിന്ന് തെളിയുന്നു, ഏതോ സമയത്ത് നമ്മുടെ ഭാഗ്യം ഉണ്ടാക്കിയിരുന്നു, അത് പിന്നീട് നഷ്ടപ്പെട്ട് പോയതാണെന്ന്. ഇപ്പോൾ നഷ്ടപ്പെട്ട അതേ ഭാഗ്യത്തെ പരമാത്മാവ് സ്വയം വന്ന് നിർമ്മിക്കുന്നു. ഇപ്പോൾ ആരെങ്കിലും പറയുകയാണ്, പരമാത്മാവ് സ്വയം നിരാകാരനാണ് അപ്പോൾ എങ്ങിനെയാണ് ഭാഗ്യത്തെ നിർമ്മിക്കുക? ഇക്കാര്യത്തിൽ മനസ്സിലാക്കിത്തരുന്നു, നിരാകാരനായ പരമാത്മാവ് എങ്ങനെ സാകാര ബ്രഹ്മാശരീരത്തിലൂടെ, അവിനാശിയായ ജ്ഞാനത്തിലൂടെ നമ്മുടെ നഷ്ടപ്പെട്ട ഭാഗ്യത്തെ നിർമ്മിക്കുന്നുവെന്ന്. ഇപ്പോൾ ഈ ജ്ഞാനം തരേണ്ടത് പരമാത്മാവിന്റെ ജോലിയാണ്, അല്ലാതെ മനുഷ്യാത്മാക്കൾക്ക് ഓരോരുത്തരുടെ ഭാഗ്യത്തെ ഉണർത്താൻ കഴിയുകയില്ല. ഭാഗ്യത്തെ ഉണർത്തുന്നത് ഒരേയൊരു പരമാത്മാവ് മാത്രമാണ്, അതുകൊണ്ടാണ് പരമാത്മാവിന്റെ ഓർമ്മചിഹ്നമായി ക്ഷേത്രങ്ങൾ ഉണ്ടാക്കിയത്.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ :** ഏത് സമയത്ത് ഏത് സംബന്ധത്തിന്റെ ആവശ്യകതയുണ്ടോ, അതേ സംബന്ധത്തിൽ ഭഗവാനെ തന്റേതാക്കി മാറ്റൂ. ഹൃദയം കൊണ്ട് പറയൂ, എന്റെ ബാബാ, അപ്പോൾ ബാബ പറയും എന്റെ മക്കളേ, ഈ സ്നേഹത്തിന്റെ സാഗരത്തിൽ ഒതുങ്ങൂ. ഈ സ്നേഹം കുടക്കീഴിന്റെ ജോലി ചെയ്യും, ഇതിനുള്ളിൽ മായക്ക് വരാൻ സാധിക്കില്ല.